**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1544** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സർവകലാശാല നിയമ ഭേദഗതി ബില്ലുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** വിവിധ സർവകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായി നിയമസഭ പാസ്സാക്കി അംഗീകാരത്തിനായി ഗവർണ്ണർക്ക് സമർപ്പിച്ച ബില്ലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

വിവിധ സർവകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായി കേരള നിയമ സഭ പാസാക്കി ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള അഞ്ച് ബില്ലുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:-

1. The University Laws (Amendment) Bill, 2025 ( ബിൽ നമ്പർ 241) 25.03.2025-ന് കേരള നിയമസഭ പാസാക്കി 29.04.2025-ന് ബഹു. ഗവർണ്ണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും ആയത് ഗവർണ്ണർ ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്.

2. 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ (ബിൽ നമ്പർ 242) 25.03.2025-ന് കേരള നിയമസഭ പാസാക്കി 29.04.2025-ന് ബഹു. ഗവർണ്ണർക്ക് സമർപ്പിച്ചു. ബഹു. ഗവർണ്ണർ പ്രസ്തുത ബിൽ ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. ഇതിന്മേൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം 29.10.2025-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ട ഇംഗ്ലീഷ് പരിഭാഷയും ബന്ധപ്പെട്ട എൻട്രികളും 19.11.2025-ലെ ഡി.ഒ. കത്ത് മുഖേന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

3. 2025-ലെ കേരള സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും ) ബിൽ (ബിൽ നമ്പർ 244) 25.03.2025- ന് കേരള നിയമസഭ പാസാക്കി 21.04.2025-ന് ബഹു. ഗവർണ്ണർക്ക് സമർപ്പിച്ചു. ബഹു.ഗവർണ്ണർ പ്രസ്തുത ബിൽ, ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു.

ഇതിൽ 2025 - ലെ കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കി നൽകാൻ അഭ്യർത്ഥിക്കുന്ന പ്രമേയം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 118 പ്രകാരം നിയമ സഭ മുൻപാകെ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി 12.10.2026-ന് അവതരിപ്പിച്ചു. തുടർന്ന് ബഹു. രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന 2025 - ലെ കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ തിരികെ ലഭ്യമാകുന്നതിനും പുതിയ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈകൊണ്ട് വരുന്നു.

4. The University Laws (Amendment) ( No. 3) Bill, 2025 ( 281) 09.10.2025-ന് കേരള നിയമസഭ പാസാക്കി 20.11.2025-ന് ബഹു.ഗവർണ്ണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

5. 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ (ബിൽ നമ്പർ 282) 09.10.2025-ന് കേരള നിയമസഭ പാസാക്കി 20.11.2025-ന് ബ ഹു. ഗവർണ്ണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത ബില്ലുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**മറുപടി:**

ഭാരതത്തിൻ ഭരണഘടനയുടെ അനുച്ഛേദം 200, 201 എന്നിവ പ്രകാരം ബില്ലുകൾ തിരികെ ലഭ്യമാകുന്നതിനനുസരിച്ച് സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**